<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന IAS )

ഉത്തരവ് നം. SJD/3224/2022-C1

തിരുവനന്തപുരം,

തീയതി. 15-08-2022

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ - വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള തുടർ പദ്ധതികൾ - ആദ്യ ഗഡു തുക ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ ഉ(സാധാ) 155/2022 തീയതി : 06/06/2022

2) സാമൂഹ്യനീതി ഡയറക്ടറുടെ 22/05/2022, 22/07/2022 എന്നീ തീയതികളിലെ SJD/100081/2019-PC1 നം. സർക്കുലർ.

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്ന തുടർപദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷവും തുക അനുവദിച്ചുകൊണ്ട് സൂചന(1) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഈ വർഷം മുതൽ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുടെ അപേക്ഷകൾ 'സുനീതി പോർട്ടൽ' മുഖേനയാണ് സ്വീകരിക്കുന്നത്. ആയതിന്റെ നിർദേശങ്ങളടങ്ങിയ സൂചന 2 പ്രകാരമുള്ള പരിപത്രങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സുനീതി പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച അർഹരായ അപേക്ഷകർക്ക് ധനസഹായം നൽകുന്നത് പ്രൊബേഷൻ ഓഫീസുകൾ വഴിയാണ്. പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് ടി പദ്ധതികളുടെ ഗുണഫലം സമയബന്ധിതമായി നൽകുന്നതിനായി ആകെ തുകയുടെ ഒരു ഭാഗം ആദ്യഗഡുവായി ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് അനുവദിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, തുടർ പദ്ധതികളായി നടത്തി വരുന്ന പ്രൊബേഷൻ ഗുണഭോക്താക്കൾക്കുള്ള വ്യക്തിഗത ധനസഹായ പദ്ധതികൾ 2022-23 വർഷവും സമയബന്ധിതമായി നടപ്പിലാക്കുന്നതിനു ചുവടെപ്പറയും പ്രകാരം 16 പ്രൊബേഷൻ ഓഫീസർമാർക്കും 1,90,000/- രൂപ വീതം ആകെ **30,40,000/ - രൂപ (മുപ്പതു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം)** ആദ്യഗഡുവായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അതാത് പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

| പ്രൊബേഷൻ ഓഫീസ് | ജില്ലാ സാമൂഹ്യനീതി ഓഫീസ് | മുൻതടവുകാർ/ പ്രൊബേഷണർമാർ എന്നിവരുടെ സ്വയംതൊഴിൽ ധനസഹായം | തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം | അതിക്രമത്തിനു ഇരയായവർക്കും അവരുടെ ആശ്രിതർക്കുള്ള സ്വയംതൊഴിൽ ധനസഹായം | തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | 90000 | 30000 | 40000 | 30000 | 1,90,000/- |
| ആറ്റിങ്ങൽ | തിരുവനന്തപുരം | 90000 | 30000 | 40000 | 30000 | 1,90,000/- |
| കൊല്ലം | കൊല്ലം | 90000 | 30000 | 40000 | 30000 | 1,90,000/- |
| പത്തനംതിട്ട | പത്തനംതിട്ട | 90000 | 30000 | 40000 | 30000 | 1,90,000/- |
| ആലപ്പുഴ | ആലപ്പുഴ | 90000 | 30000 | 40000 | 30000 | 1,90,000/- |
| കോട്ടയം | കോട്ടയം | 90000 | 30000 | 40000 | 30000 | 1,90,000/- |
| ഇടുക്കി | ഇടുക്കി | 90000 | 30000 | 40000 | 30000 | 1,90,000/- |

| | | | | | | |
|---|---|---|---|---|---|---|
| എറണാകുളം | എറണാകുളം | 90000 | 30000 | 40000 | 30000 | 1,90,000/- |
| മൂവാറ്റുപുഴ | എറണാകുളം | 90000 | 30000 | 40000 | 30000 | 1,90,000/- |
| തൃശ്ശൂർ | തൃശ്ശൂർ | 90000 | 30000 | 40000 | 30000 | 1,90,000/- |
| പാലക്കാട് | പാലക്കാട് | 90000 | 30000 | 40000 | 30000 | 1,90,000/- |
| മലപ്പുറം | മലപ്പുറം | 90000 | 30000 | 40000 | 30000 | 1,90,000/- |
| കോഴിക്കോട് | കോഴിക്കോട് | 90000 | 30000 | 40000 | 30000 | 1,90,000/- |
| വയനാട് | വയനാട് | 90000 | 30000 | 40000 | 30000 | 1,90,000/- |
| കണ്ണൂർ | കണ്ണൂർ | 90000 | 30000 | 40000 | 30000 | 1,90,000/- |
| കാസർഗോഡ് | കാസർഗോഡ് | 90000 | 30000 | 40000 | 30000 | 1,90,000/- |
| ആകെ | | 14,40,000/- | 4,80,000/- | 6,40,000/- | 4,80,000/- | 30,40,000/- |

പ്രൊബേഷൻ ഓഫീസുകൾക്ക് അനുവദിച്ച തുക അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അനുവദിച്ചു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച് ജില്ലയിൽ വ്യാപക പ്രചരണം നൽകേണ്ടതും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക സെപ്റ്റംബർ 30 നകം പൂർണമായും ചിലവഴിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച തുകയുടെ UC സഹിതം അധിക തുകയ്ക്കുള്ള അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-106-93 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

M. ANJANA IAS

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,

പകർപ്പ് :

1. എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ/ബി സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്